## തർജുമാനുൽ ഖുർആൻ

# നവോത്ഥാനത്തിന്റെ ജിഹ്വ

തർജുമാനുൽ ഖുർആൻ മാസിക ഏറ്റെടുത്തതോടെയാണ് മൗലാനാ മൗദൂദിയുടെ പ്രബോധന ജീവിതം യഥാർഥത്തിൽ ആരംഭിക്കുന്നത്. ബീഹാറിലെ സഹസ്രാം ദേശക്കാരനായ അബൂമുഹമ്മദ് മുസ്‌ലിഹ എന്നൊരാളുടേതായിരുന്നു തർജുമാനുൽ ഖുർആൻ മാസിക. ഹൈദരാബാദിൽ താമസമാക്കിയ ഇദ്ദേഹം മൗലാനാ അബുൽ കലാം ആസാദിന്റെ ഒരു "ഭക്ത"നും അദ്ദേഹത്തിന്റെ പ്രബോധനത്തിൽ ആകൃഷ്ടനായിരുന്നു. ആസാദ് തന്റെ പ്രബോധനം ഉപേക്ഷിച്ചപ്പോഴും അബൂമുസ്‌ലിഹ് തന്റേതായ രീതിയിൽ അതു തുടർന്നു. തദാവശ്യാർഥം "ആലംഗീർ തഹ്‌രീകെ ഖുർആൻ'' എന്ന ഒരു പ്രസ്ഥാനത്തിനു തുടക്കം കുറിച്ച അദ്ദേഹം അതിന്റെ ജിഹ്വ എന്ന നിലക്ക് 1932 സപ്തംബറിലാണ് തർജുമാനുൽ ഖുർആൻ മാസിക ആരംഭിച്ചത്. വിശുദ്ധ ഖുർആന്റെ സന്ദേശം പ്രചരിപ്പിക്കുക, ഭൂമിയിൽ അതുവഴി, ഹുകൂമത്തെ ഇലാഹിയ്യ" (ദൈവാധിപത്യം) സ്ഥാപിക്കുക എന്നത് ജീവിത ലക്ഷ്യമാക്കിയ ഒരു സംഘത്തെ വാർത്തെടുക്കുക എന്നതായിരുന്നു തർജുമാനുൽ ഖുർആൻകൊണ്ടു ഉദ്ദേശിച്ചിരുന്നത്. ആറു മാസം കഴിഞ്ഞ് 1933 മാർച്ചിലാണ് മൗലാനാ മൗദൂദി തർജുമാനുൽ ഖുർആൻ ഏറ്റെടുത്തത്.

തർജുമാനുൽ ഖുർആനെ സംബന്ധിച്ചിടത്തോളം മൗലാനാ മൗദൂദി അപരിചിതനായിരുന്നില്ല. പത്രാധിപരാകുന്നതിനു മുമ്പുതന്നെ അദ്ദേഹത്തെ ഒരു ലേഖനപരമ്പര മൂന്നു ലക്കങ്ങളിലായി അതിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഉസൂലെ സിയാസത്ത് വ അഖ്‌ലാഖ് വ ഖാനൂൻ (രാഷ്ട്രീയ തത്വങ്ങളും സദാചാരവും നിയമവും) എന്നായിരുന്നു പ്രസ്തുത ലേഖനത്തിന്റെ ശീർഷകം. തർജുമാന്റെ 1-ാം വാള്യം 3, 5, 6 ലക്കങ്ങളിലായാണത് പ്രസിദ്ധീകരിച്ചത്. അടുത്ത ലക്കം പുറത്തിറങ്ങുമ്പോഴേക്കും തർജുമാൻ മൗദൂദിയുടെ സ്വന്തമായിക്കഴിഞ്ഞിരുന്നു.

തർജുമാനുൽ ഖുർആന്റെ പത്രാധിപത്യം മാത്രമല്ല മൗദൂദി ഏറ്റെടുത്തിരുന്നത്. ആ പത്രം പൂർണമായിതന്നെ അദ്ദേഹം ഏറ്റെടുക്കുകയാണുണ്ടായത്. മാസികയുടെ എല്ലാ ജോലികളും അദ്ദേഹം സ്വന്തമായാണ് ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് കഠിനമായി അധ്വാനിക്കേണ്ടിവന്നു. വിശ്രമമില്ലാത്ത ഈ ജോലി അദ്ദേഹത്തെ രോഗിയാക്കി. പ്രഥമ വർഷത്തിലെ റബീഉൽ അവ്വൽ, റബീഉൽ ആഖർ മാസങ്ങളിൽ മുഖപ്രസംഗമൊഴികെ മറ്റൊന്നും എഴുതാൻ സാധിക്കുകയുണ്ടായില്ല. പരമ്പരയായി പ്രസിദ്ധീകരിച്ചുവന്നിരുന്ന ലേഖനം രണ്ടു ലക്കങ്ങളിൽ നിർത്തേണ്ടതായും വന്നു. യോഗ്യനായ ഒരു സഹായിയെ ലഭിക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നുവെങ്കിലും അത്തരമൊരാളെ കണ്ടെത്താൻ കഴിയുകയുണ്ടായില്ല.

എന്നാൽ ശാരീരികമായ ഈ അധ്വാനത്തേക്കാളേറെ അദ്ദേഹത്തെ പ്രയാസപ്പെടുത്തിയിരുന്നത് സാമ്പത്തിക വൈഷമ്യങ്ങളായിരുന്നു. ഈ പ്രയാസം കണ്ടറിഞ്ഞ മനാസിർ അഹ്സൻ ഗീലാനി അദ്ദേഹത്തെ ഉസ്മാനിയാ യൂനിവേഴ്‌സിറ്റിയിലെ പ്രൊഫസറായി നിശ്ചയിക്കാൻ ശ്രമംനടത്തി. എന്നാൽ, തന്റെ മുഴുസമയവും തർജുമാനുൽ ഖുർആനു വേണ്ടി ചെലവഴിക്കാൻ തീരുമാനിച്ച മൗദൂദി ആ ഓഫർ നന്ദിപൂർവം നിരസിക്കുകയാണ് ചെയ്തത്. പിന്നീട്, പാർട് ടൈം പ്രൊഫസറാകാനുള്ള നിർദേശവും അദ്ദേഹം കൈക്കൊള്ളുകയുണ്ടായില്ല. തന്റെ ഒരു സഹൃത്തുമായി പങ്കുചേർന്നു ഹൈദരാബാദിൽ ഒരു മരുന്നുഷാപ്പ് തുറന്നുകൊണ്ട് തർജുമാന്റെ സാമ്പത്തിക ഞെരുക്കം ലഘൂകരിക്കാനും തന്റെ സമയമത്രെയും പത്രപ്രവർത്തനത്തിൽ വിനിയോഗിക്കാനും അദ്ദേഹം മാർഗം കണ്ടെത്തി.

തർജുമാൻ സാമ്പത്തികമായി ഇത്രയേറെ പ്രയാസപ്പെട്ടുകൊണ്ടിരുന്ന കാലത്താണ് സിംലയിലെ ഏതാനും ഗവൺമെന്റു ഉദ്യോഗസ്ഥന്മാർ 15,000 ഉറുപ്പിക മൗദൂദിക്കു അയച്ചുകൊടുക്കുന്നത്. എന്നാൽ, മൗദൂദി ആ സംഖ്യ അയച്ചവർക്കുതന്നെ തിരിച്ചയക്കുകയാണ് ചെയ്തത്.

പരിമിതമായ കോപ്പികളേ തർജുമാനുൽ ഖുർആൻ ഓരോ മാസവും പുറത്തിറക്കിയിരുന്നുള്ളൂ. മൂന്നുവർഷം പിന്നിട്ടപ്പോൾ 600 കോപ്പിയായിരുന്നു അതിന്റെ മൊത്തം സർക്കുലേഷൻ. ഇതിൽ പകുതിയും ഹൈദരാബാദ് നൈസാം ഗവൺമെന്റിന്റെ മതകാര്യവകുപ്പാണ് വാങ്ങിയിരുന്നത്. അവർ അത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മതവിദ്യാലയങ്ങൾക്കും പ്രമുഖ വ്യക്തികൾക്കും അയച്ചുകൊടുത്തു. ഒരു വർഷം നൈസാം ഗവൺമെന്റ് തർജുമാനുൽ ഖുർആൻ വാങ്ങുന്നത് നിർത്തലാക്കി. മൗദൂദി നേരിട്ട്വന്ന് ഒരപേക്ഷ നൽകണമെന്നാണ് നവാബ് ദുൽ ഖദർ ജംഗ് ബഹദൂർ ആഗ്രഹിച്ചിരുന്നത്. മൗദൂദി അങ്ങനെ ചെയ്യുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. ഈ വിവരം മൗദൂദിക്കു ലഭിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഈ ഒരാവശ്യത്തിന് ലോകാവസാനംവരെ ഞാനദ്ദേഹത്തെ ചെന്നുകാണുകയില്ല.

തർജുമാനുൽ ഖുർആന്റെ വരിക്കാർ കുറവായിരുന്നുവെങ്കിലും പരിമിതമായ അതിന്റെ കോപ്പികൾ കൈമാറി കൈമാറി ആയിരക്കണക്കിനാളുകൾ ഇതിന് വായനക്കാരായുണ്ടായിരുന്നു. അല്ലാമാ സയ്യിദ് സുലൈമാൻ നദ്‌വി, മഹാകവി അല്ലാമാ ഇഖ്ബാൽ തുടങ്ങിയ പ്രഗത്ഭമതികളും വിദ്യാസമ്പന്നരുമായ ചിന്താശേഷിയുള്ളവരുമായ ആളുകൾക്കിടയിൽ അത് ചർച്ച ചെയ്യപ്പെട്ടു. "വരിക്കാരല്ല വായനക്കാരാണ് വേണ്ടത്" എന്ന നിലപാടാണ് മൗദൂദിക്കും ഉണ്ടായിരുന്നത്.

ഇസ്‌ലാമിനെ ഒരു സമ്പൂർണ ജീവിതവ്യവസ്ഥയായും ഒരു പ്രസ്ഥാനമായും അവതരിപ്പിക്കാനാണ് മൗദൂദി തർജുമാനുൽ ഖുർആനിലൂടെ ആദ്യമായി ശ്രമിച്ചത്. അതോടൊപ്പം പാശ്ചാത്യസംസ്കാരത്തെ തുറന്നുകാട്ടാനും അതിനോടുള്ള മുസ്‌ലിംകളുടെ മാനസികാടമത്തം ദൂരികരിക്കാനുമുള്ള ശ്രമങ്ങളും നടന്നു.മുസ്‌ലിം

സമൂഹത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ അവസ്ഥയെ വിശകലനം ചെയ്യാനും മുസ്‌ലിംകൾ അണിനിരന്ന മത-രാഷ്ട്രീയ സംഘടനകളുടെ പൊതുവായ അടിത്തറകളെ ധീരമായി തുറന്നുകാട്ടാനും തുടങ്ങിയത് പിന്നീടാണ്. ഈ ഘട്ടത്തിലാണ് "മുസൽമാൻ ഔർ മജൂദസിയാസി കശ്മകശ്" (മുസ്‌ലിംകളും ഇന്നത്തെ രാഷ്ട്രീയ വടംവലിയും) എന്ന കോളിളക്കം സൃഷ്ടിച്ച ലേഖനപരമ്പര തർജുമാന്റെ പേജുകളിൽ അടിച്ചുവരാൻ തുടങ്ങിയത്. 1937 മാർച്ചിൽ തുടങ്ങി സെപ്തംബറിൽ അവസാനിച്ച ഈ ലേഖനപരമ്പരയാണ് മുസൽമാൻ ഔർ മജൂദ സിയാസി കശ്മകശ് (ഒന്നാംഭാഗം) എന്ന പേരിൽ പിന്നീട് പുസ്തകമായി ഇറങ്ങിയത്. ഒക്ടോബറിൽ ആരംഭിച്ച് 1938 ആഗസ്റ്റിൽ അവസാനിച്ച രണ്ടാം ഭാഗം മുസൽമാൻ ഔർ മജൂദ സിയാസി കശ്മകശ് (രണ്ടാംഭാഗം) എന്ന പേരിലും 1939 ജൂണിൽ അവസാനിച്ച മൂന്നാംഭാഗം "മസ്അല ഖൗമിയ്യത്ത്" എന്ന പേരിലും പുസ്തകമാക്കപ്പെട്ടു.

1938 മാർച്ചിൽ തർജുമാനുൽ ഖുർആന്റെ ഓഫീസ് ഹൈദരാബാദിൽനിന്ന് പഞ്ചാബിലെ പഠാൻകോട്ടിൽ ചൗധരി നിയാസ് അലി സാഹിബ് സ്ഥാപിച്ച ദാറുൽ ഇസ്‌ലാം ബസ്തിയിലേക്ക് മാറ്റി. "സിയാസി കശ്മകശിന്റെ രണ്ടാംഭാഗത്തിന്റെ അവസാനത്തെ കുറെ ഭാഗങ്ങളും മൂന്നാംഭാഗത്തിന്റെ രണ്ട് ലേഖനങ്ങളും ദാറുൽ ഇസ്‌ലാമിൽനിന്നു പുറത്തിറങ്ങിയ തർജുമാനിലാണ് അച്ചടിച്ചുവന്നത്.

ഹൈദരാബാദിൽ തർജുമാന്റെ മുഴുവൻ പ്രവർത്തനങ്ങളും മൗദൂദി ഒറ്റക്കാണ് നിർവഹിച്ചിരുന്നതെങ്കിൽ ദാറുൽ ഇസ്‌ലാമിലെത്തിയപ്പോൾ കരുത്തരായ രണ്ടു സഹപ്രവർത്തകരെ അദ്ദേഹത്തിനു ലഭിച്ചു. മൗലാനാ സദ്റുദ്ദീൻ ഇസ്‌ലാഹിയും നഈം സിദ്ധീഖിയുമായിരുന്നു അവർ. സദ്റുദ്ദീൻ ഇസ്‌ലാഹിയെ അദ്ദേഹത്തിന്റെ കഴിവും യോഗ്യതയും കണ്ട് മൗദൂദി ക്ഷണിച്ചുവരുത്തുകയായിരുന്നുവെങ്കിൽ നഈം സിദ്ദീഖി, മൗദൂദിയുടെ കീഴിൽ ജോലിചെയ്യാനുള്ള ആവേശത്താൽ സ്വയം മുന്നോട്ട്വന്ന് മൗദൂദിയോട് അവസരം ചോദിച്ചുവാങ്ങുകയായിരുന്നു.

1939 ജനുവരി 26-ന് തന്റെ പ്രവർത്തനകേന്ദ്രം ദാറുൽ ഇസ്‌ലാമിൽനിന്ന് ലാഹോറിലേക്ക് മാറ്റാൻ മൗദൂദി നിർബന്ധിതനായി. അതോടെ തർജുമാനുൽ ഖുർആന്റെ ഓഫീസും ലാഹോറിലേക്ക് മാറ്റപ്പെട്ടു. അപ്പോഴേക്കും തർജുമാനുൽ ഖുർആൻ ഏഴാം വയസ്സിലേക്ക് കാലെടുത്തുവെച്ചിരുന്നു. "സിയാസി കശ്മകശി"ന്റെ മൂന്നാം ഭാഗമായ "മസ്അല ഖൗമിയ്യത്തി"ന്റെ രണ്ടു ലേഖനങ്ങളൊഴിച്ചുള്ളവയെല്ലാം ലാഹോറിൽവെച്ചാണ് എഴുതപ്പെട്ടത്.

1939-ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ മൗലാനാ മൗദൂദി യൂറോപ്യരുടെ ദൈവധിക്കാരപരമായ നടപടികളെ തുറന്നുകാട്ടുന്ന ധീരമായ ഒരു മുഖപ്രസംഗം എഴുതി. പക്ഷേ, ആ ലേഖനത്തിന് വെളിച്ചംകാണാൻ ഭാഗ്യമുണ്ടായില്ല. പഞ്ചാബ് ഗൺമെന്റിന്റെ പ്രസ് ബ്രാഞ്ച് അത് സെൻസർ ചെയ്യുകയാണുണ്ടായത്. മാത്രമല്ല, ആ ലേഖനം എഴുതിയതിന് മൗദൂദിയോട് മാപ്പെഴുതിക്കൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ, മൗദൂദി അതിനു തയാറായില്ല. മാപ്പെഴുതിക്കൊടുക്കാൻ പറഞ്ഞ ഉദ്യോഗസ്ഥനോട് അദ്ദേഹം പറഞ്ഞു: താങ്കളുടെ ഗവൺമെന്റ് എന്നെ തൂക്കിലേറ്റിയാലും ജീവപര്യന്തം തടവിന് വിധിച്ചാലും വേണ്ടില്ല, ഞാനൊരിക്കലും മാപ്പെഴുതിക്കൊടുക്കില്ല! ഈ സെൻസർഷിപ്പു കാരണമായി തർജുമാനുൽ ഖുർആന്റെ 1939 സെപ്തംബർ ലക്കം പുറത്തിറങ്ങിയത് മുഖപ്രസംഗത്തിന്റെ സ്ഥാനം കാലിയായി ഒഴിച്ചിട്ടുകൊണ്ടാണ്. സെൻസർഷിപ്പ് ചെയ്യപ്പെട്ടിരുന്ന പ്രസ്തുത ലേഖനം തർജുമാനുൽ ഖുർആന്റെ ഫയലിൽ സൂക്ഷിച്ചിരുന്നു. 19 വർഷങ്ങൾക്കു ശേഷം 1958 ഫെബ്രുവരിയിൽ തർജുമാനുൽ ഖുർആൻ അത് പ്രസിദ്ധീകരിക്കുകയുണ്ടായി. തഫ്ഹീമാത്തിന്റെ മൂന്നാം ഭാഗത്ത് "അഖ്‌വാമെ മഗ്‌രിബ് കാ ഇബ്റത്നാക് അഞ്ചാം" എന്ന പേരിൽ ഈ ലേഖനം കാണാം.

തർജുമാനുൽ ഖുർആൻ രാഷ്ട്രീയ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ തുടങ്ങിയതോടെ അത് മതരാഷ്ട്രീയ രംഗങ്ങളിൽ കോളിളക്കം സൃഷ്ടിക്കാൻ തുടങ്ങിയിരുന്നു. മുസ്‌ലിംലീഗിന്റെയും ജംഇയ്യത്തുൽ ഉലമായുടെയും കോൺഗ്രസിന്റെയും അകത്തളങ്ങളിൽ മൗദൂദിയുടെ ശക്തമായ മുഖപ്രസംഗങ്ങൾ വമ്പിച്ച കൊടുങ്കാറ്റുകൾ ഇളക്കിവിട്ടു. അതോടൊപ്പം മൗദൂദിയുടെ ചിന്തകളിൽ ആകൃഷ്ടരായ തർജുമാനുൽ ഖുർആന്റെ നിരവധി വായനക്കാർ തങ്ങളുടെ പ്രദേശങ്ങളിൽ ചെറിയ ചെറിയ "ജമാഅത്തുകൾ" രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തിരുന്നു.

1941-ലാണ് "ഹയ്യഅലൽ ഫലാഹ്" എന്ന ചരിത്രപ്രധാനമായ ലേഖനം തർജുമാനിൽ അച്ചടിച്ചുവന്നത്. പിന്നീട് "ഏക് സാലിഹ് ജമാഅത്ത് കി സറൂറത്ത്" എന്ന് നാമകരണം ചെയ്യപ്പെട്ട ഈ ലേഖനത്തിലാണ് "ജമാഅത്തെ ഇസ്‌ലാമി"യെ കുറിച്ച തന്റെ സങ്കൽപം ആദ്യമായി മൗദൂദി അവതരിപ്പിച്ചത്. വെറുതെ ഒരു സങ്കൽപം അവതരിപ്പിക്കുക മാത്രമായിരുന്നില്ല മറിച്ച്, ഒരു സംഘടന രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ക്ഷണം കൂടിയായിരുന്നു അത്. അതുപ്രകാരം 1941 ആഗസ്റ്റ് 26-ന് ജമാഅത്തെ ഇസ്‌ലാമി നിലവിൽ വരികയും ചെയ്തു. 1942-ൽ ദാറുൽ ഇസ്‌ലാമിനെ ജമാഅത്തെ ഇസ്‌ലാമിയുടെ കേന്ദ്രമാക്കി മൗദൂദി വീണ്ടും പഠാൻകോട്ടിലേക്ക് വന്നപ്പോൾ ദാറുൽ ഇസ്‌ലാമിന് ഒരിക്കൽകൂടി തർജുമാനുൽ ഖുർആന്റെ ആസ്ഥാനമാവാൻ ഭാഗ്യമുണ്ടായി. പിന്നീട് 1948-ൽ ഇന്ത്യ വിഭജിക്കപ്പെടുന്നതുവരെ ദാറുൽ ഇസ്‌ലാമിൽനിന്നാണ് തർജുമാനുൽ ഖുർആൻ ഇറങ്ങിക്കൊണ്ടിരുന്നത്. 1942-ലാണ് നഈം സിദ്ധീഖി തർജുമാനുൽ ഖുർആനിൽ മൗദൂദിയെ സഹായിക്കാനെത്തിയത്. വിഭജനത്തെത്തുടർന്ന് മൗദൂദി പാക്കിസ്ഥാനിലേക്ക് പോയപ്പോൾ തർജുമാനുൽ ഖുർആൻ വീണ്ടും ലാഹോറിലേക്ക് മാറ്റപ്പെട്ടു.

തർജുമാനുൽ ഖുർആനിൽ "ഇശാറത്ത്" എന്ന ശീർഷകത്തിലാണ് മുഖലേഖനങ്ങൾ പ്രത്യക്ഷപ്പെടുന്നത്. മൗലാനാ മൗദൂദി എഴുതിക്കൊണ്ടിരിക്കുന്ന കരുത്തുറ്റ ഈ ലേഖനങ്ങളോടൊപ്പമാണ് ജമാഅത്തെ ഇസ്‌ലാമി വളർന്നുവന്നത്. 48 ലും 53 ലും മൗദൂദി അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ നഈം സിദ്ധീഖിയാണ് ഇശാറത്ത് എഴുതിയിരുന്നത്. 1959-ൽ പ്രൊഫസർ അബ്ദുൽ ഹമീദ് സിദ്ദീഖി തർജുമാനുൽ ഖുർആന്റെ എഡിറ്ററായ ശേഷം "ഇശാറത്ത്" എഴുതുന്ന ചുമതലയും അദ്ദേഹത്തിന്റെ ചുമതലയായി. എങ്കിലും മൗദൂദി പരിശോധിച്ച ശേഷമേ ഓരോ ലക്കത്തിലും അത് പ്രസിദ്ധീകരിക്കാറുണ്ടായിരുന്നുള്ളൂ. മൗദൂദിയുടെ ചിന്തയും നിലപാടും പരമാവധി പ്രതിഫലിപ്പിക്കാൻ പ്രൊഫ. സിദ്ദീഖിയും ശ്രമിച്ചിരുന്നു. എത്രത്തോളമെന്നാൽ അദ്ദേഹമെഴുതിയ "ഇശാറത്തു"കളുടെ ശൈലിപോലും ഏറെക്കുറെ മൗദൂദിയുടേതായിരുന്നു. 1978-ൽ പ്രൊഫസർ സിദ്ദീഖി ഹൃദയാഘാതംമൂലം അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്ത് നഈം സിദ്ദീഖിയെ മൗദൂദി നിയമിച്ചു. അടുത്ത വർഷം (1979) സപ്തംബർ 22-ന് മൗലാനാ മൗദൂദിയും ഈ ലോകത്തോട് വിടപറഞ്ഞു. തുടർന്ന് ഏതാനും മാസം മുമ്പുവരെ നഈം സിദ്ദീഖിയാണ് തർജുമാനുൽ ഖുർആന്റെ പത്രാധിപത്യം വഹിച്ചുപോന്നത്. എന്നാൽ, ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമി നേതൃത്വം "ഇശാറത്ത്" എഴുതുന്ന ചുമതലയിൽനിന്ന് നഈം സിദ്ദീഖിയെ ഒഴിവാക്കിയിരിക്കുകയാണ്.